പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1617 — 11.2.2013-ൽ മറുപടിക്ക്

## മാലിന്യ സംസ്കരണവും ഇ-മാലിന്യ നയവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപങ്ങളിലും അനുയോജ്യമായ ലഘുവായ സാങ്കേതിക വിദ്യകൾ അംഗീകരിക്കുന്നതിനും അവയ്ക്കുള്ള സബ്സിഡി നിരക്ക് ഉയർത്താനും കഴിഞ്ഞു. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് 75% സബ്സിഡിയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സിഡിയും ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി ഉയർത്താനും കഴിഞ്ഞു. നിലവിലുള്ള പ്ലാന്റുകളുടെ നവീകരണത്തിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നഗരപ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 100% സാമ്പത്തിക സഹായവും ഗ്രാമപഞ്ചായത്തുകൾക്ക് പ്രോജക്ട് തുകയുടെ 75% മോ പരമാവധി 35 ലക്ഷം രൂപയോ സർക്കാരിന്റെ ഭാഗത്ത് നിന്നും ലഭ്യമാക്കിവരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ ഇതിനായി 2219.67 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 630 ലക്ഷം രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) ഇക്കാര്യത്തിൽ ഓരോ സ്ഥാപനവും നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ നിയമംമൂലം കർശനമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചും 1994-ലെ കേരള മുനിസിപ്പൽ രാജ് ആക്ട് അനുസരിച്ചും മാലിന്യ സംസ്ക്കരണം ഏർപ്പെടുത്തേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. |

സി) ഇലക്ട്രോണിക് പാഴ്വസ്തുക്കൾ, ഫ്ളക്സ് പ്രിന്ററുകളിലും ഫോട്ടോ സ്റ്റാറ്റ് മെഷീനുകളിലും ഉപയോഗിക്കുന്ന മാരകവിഷങ്ങളടങ്ങിയ മഷികൾ, ടോണറുകൾ എന്നിവയും അതത് സ്ഥാപനങ്ങൾതന്നെ സംസ്ക്കരിക്കുന്നതിന് ഉതകുന്ന ഇ-മാലിന്യ നയം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

സി) ഇ-മാലിന്യ നയം രൂപീകരിക്കുവാൻ സംസ്ഥാന മലിനികരണ നിയന്ത്രണ ബോർഡാണ് നടപടി സ്വീകരിക്കേണ്ടത്. പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഇ-മാലിന്യ (കൈകാര്യ) ചട്ടങ്ങൾ പ്രകാരം ഉൽപാദകർ തന്നെ ഇ-മാലിന്യങ്ങൾ തിരിച്ചെടുക്കുന്നുവെന്ന് ഉറപ്പാക്കാനും അവശാസ്ത്രീയമായി സംസ്ക്കരിക്കുന്നുവെന്ന് ഉറപ്പാക്കാനുമുള്ള ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ പരിസ്ഥിതി വകുപ്പിനോടാവശ്യപ്പെടാവുന്നതാണ്.

സെക്ഷൻ ഓഫീസർ